District Level Expert Promotion Committee

ബഹു ജില്ലാ കള ക്ടറുടെ അധ്യക്ഷതയിൽ 11 .30 am ന് യോഗം ആരംഭിച്ചു . യോഗത്തിന്റെ കൺവീനറായ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ എല്ലാവരെയും സ്വാഗതം ചെയ്തു.

ഹാജർ

1. Sri.Harilal K M Joint Director General of Foreign Trade in charge
2. Sri.N.V Raveendran , Deputy Director General of Foreign Trade
3. Shri. Rajeev M C, State Head , FIEO
4. Shri. Unnikrishnan.K , Deputy Director General and Regional Head , FIEO
5. Smt. Reena Susen Chacko, Lead Bank Manager
6. Sri. Prakash G.S , Deputy Director MSME -DI Thrissur
7. Smt. Jaya V, Principal Agriculture Officer
8. Smt. Junitha T R, Scientist, BIS
9. Shri. Len Philip , President KSSIA
10. Shri. R.K Bhoodes, Principal Advisor , CEPC
11. Shri. K.R Narayanapillai , Expert, cashew sector

കേരള സംസ്ഥാനത്തിലെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും അന്താരാഷ്ട്ര വിപണി ഉറപ്പാക്കുന്നതിനായി ഓരോ ജില്ലയെയും കയറ്റുമതി കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ള District Level Expert Promotion Committee യുടെ ആദ്യ മീറ്റിംഗിൽ പങ്കെടുത്ത കമ്മിറ്റി അംഗങ്ങൾ കയറ്റുമതി രംഗത്തെ സാധ്യതകളും പ്രശ്നങ്ങളും അവയുടെ പരിഹാര മാർഗങ്ങളെ സംബന്ധിച്ചും അഭിപ്രായങ്ങൾ അറിയിച്ചു. .

District level Export Promotion committee യുടെ ലക്ഷ്യമെന്താണ് എന്നത് സംബന്ധിച്ച് Director General of Foreign Trade നെ പ്രതിനിധീകരിച്ച Sri.Harilal K M Joint Director General of Foreign Trade in charge, Sri. N.V Raveendran , Deputy Director General of Foreign Trade വിശദ മായി സംസാരിച്ചു . ഇതിലേക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രധാനമായും പരിഗണിക്കേണ്ടതാണ്

1. ജില്ലാതല എക്സ്പോർട്ട് പ്ലാൻ തയ്യാറാക്കണം.
2. ജില്ലയിലെ കയറ്റുമതി സാധ്യതയുള്ള ഉൽപ്പന്നം /ഉത്പന്നങ്ങൾ കണ്ടെത്തുക
3. ജില്ലാ തലത്തിൽ ഒരു Single Window System for Export രൂപീകരിക്കുക
4. Export മേഖലയിലെ Bottle neckness Identify ചെയ്യുക

എന്നിവ ആണ് ലക്ഷ്യമിടുന്നത് .

തുടർന്ന് കൊല്ലം ജില്ലയുടെ പ്രധാന കയറ്റുമതി ഉല്പന്നമാണ് കശുവണ്ടി എന്നും ടി വ്യവസായത്തിലെ ഇന്നത്തെ സ്ഥിതിയെക്കുറിച്ചും വികസന സാധ്യതകളെക്കുറിച്ചും യോഗം ചർച്ച ചെയ്തു.

കശുവണ്ടി മേഖലയിലെ കൂലി വർദ്ധനവ്, ഉൽപ്പാദന കുറവ്, എന്നിവ തരണം ചെയ്യുന്നതിനായി അത്യാധുനിക രീതിയിലുള്ള യന്ത്രവൽക്കരണം ആവശ്യമാണെന്നു Cashew EPC, MD ആയ ശ്രീ.ഭൂതേഷ് R.K അഭിപ്രായപ്പെട്ടു. നിലവിലുള്ള തൊഴിലാളികളുടെ തൊഴിലവസരം ഉറപ്പാക്കിക്കൊണ്ട് യന്ത്രവൽക്കരണം നടത്താവുന്നതാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് കശുവണ്ടി ഉൽപ്പന്നങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഉപഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ് സാധ്യമാക്കണം. കൊല്ലം ജില്ലയിൽ നിന്നുള്ള ഉത്പന്നങ്ങൾക്ക് ഒരു ബ്രാൻഡ് നെയിം നൽകുക വിദേശ മാർക്കറ്റുകൾ കണ്ടെത്തി marketing tie up ചെയ്യുക e-commerce പ്ലാറ്റഫോം എന്നീ സാധ്യത പ്രയോജനപെടുത്താവുന്നതാണ് . ഫാക്ടറികൾ ആധുനികവൽക്കരണം ആവശ്യമാണ്. Cashew promotion ന് വേണ്ടി കേന്ദ്ര ഗവൺമെന്റ് പദ്ധതികൾ ഉണ്ട്. കൊല്ലത്ത് പ്രവർത്തിക്കുന്ന Export promotion Council ന്റെ സഹായത്തോടെ അടിസ്ഥാനപരമായിട്ടുള്ള കയറ്റുമതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താവുന്നതാണ്.

Cashew export പ്രൊമോഷനുമായി ബന്ധപ്പെട്ട ശ്രീ നാരായണ പിള്ള ഈ മേഖലയിൽ Infrastructure development ന്റെ ആവശ്യകതയെ സംബന്ധിച്ചും ഉത്പന്നങ്ങളുടെ quality standards നെ സംബന്ധിച്ചും സംസാരിച്ചു . ഓരോ രാജ്യങ്ങളിലും അവരുടേതായ ക്വാളിറ്റി സ്റ്റാൻഡേർഡ്സ് ആണ് നിലവിലുള്ളത് . തൊഴിലുറപ്പ് പദ്ധതി കാഷ്യൂ cultivation മേഖലയിൽ കൂടി നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കണം എന്നും പറഞ്ഞു.

Federation of Indian Export Organisation പ്രതിനിധീകരിച്ച ശ്രീ . ഉണ്ണികൃഷ്ണൻ .കെ, Deputy Director General and Regional Head , ശ്രീ രാജീവ് MC, State Head എന്നിവർ സംസാരിച്ചു . ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷൻ overseas marketing കണ്ടെത്തുന്നതിന് സംരംഭകർക്ക് മാർഗനിർദേശങ്ങൾ നൽകുന്നുണ്ട് എന്നും marine, അഗ്രി, റബർ, കയർ കാഷ്യൂ, സോഫ്റ്റ് വുഡ് മേഖലകളിലെ ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിക്കണമെന്നും അറിയിച്ചു . സോഫ്റ്റ് വുഡ് കയറ്റുമതി മുൻകാലങ്ങളിൽ വളരെ അധികം പ്രാബല്യത്തിൽ ഉണ്ടായിരുന്നു .

MSME-DI യെ പ്രതിനിധീകരിച്ച ശ്രീ.പ്രകാശ് ജി.എസ്, Deputy Director സംസാരിച്ചു. Pencil Slat Seafood, Rubber, Coir, Value added products എന്നിവ തൊഴിലവസരങ്ങൾ

നൽകുന്നതിനോടൊപ്പം കയറ്റുമതി സാധ്യതയും ഉള്ളതാണ്, കാർഷിക ഉൽപ്പന്നങ്ങൾ value added ആക്കുന്നതിന് പ്രാധാന്യം, Field level Officers ന് basic awareness നൽകുക, 5 വർഷത്തേക്ക് ആവശ്യമായ പ്ലാൻ തയ്യാറാക്കുന്നതിന്റെ ആവശ്യകത എന്നിവയെ സംബന്ധിച്ച് സംസാരിച്ചു . ക്ലസ്റ്റർ മോഡൽ അപ്പ്രോച്ച് പ്രയോജനപെടുത്താവുന്നതാണ് . MSME-DI യിൽ നിന്നും ഉദ്യോഗസ്ഥർക്കായി Export Promotion Awareness Programmes സംഘടിപ്പിക്കുന്നതാണെന്ന് അറിയിച്ചു. export മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും സംരംഭകർക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും DIC യിൽ നോഡൽ ഓഫീസർ ഉണ്ടാകുന്നത് ഈ മേഖലയിലെ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിന് സഹായകരം ആയിരിക്കും എന്ന് അദ്ദേഹം അറിയിച്ചു .

Kerala State Small Industries Association നെ പ്രതിനിധീകരിച്ചു ശ്രീ. ലെൻ ഫിലിപ്പ് സംസാരിച്ചു . വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖം വരുന്നതോടു കൂടി ജില്ലയിലെ കയറ്റുമതി മേഖലയിലും വളരെ അധികം സാദ്ധ്യതകൾ ഉണ്ടാകുമെന്ന് അദ്ദേഹം അറിയിച്ചു . പഴം പച്ചക്കറി മേഖലയിൽ നിന്നും ദൈനം ദിന തലത്തിൽ export ചെയ്യുന്നതിനുള്ള സാധ്യത കൂടുതൽ ആണ് . ജില്ലാ തലത്തിൽ ഒരു co-ordination കമ്മിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും ക്ലസ്റ്റർ അപ്പ്രോച്ച് സംബന്ധിച്ചും അദ്ദേഹം സംസാരിച്ചു .

Export അധിഷ്ഠിത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അവബോധ പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ലീഡ് ബാങ്ക് മാനേജർ ശ്രീമതി.റീന സൂസൻ ചാക്കോ സംസാരിച്ചു. Export അധിഷ്ഠിത മേഖലയിൽ കൂടുതൽ കൂടുതൽ ചെറുകിട യൂണിറ്റുകൾ വരുന്നത് അവ പരസ്പരം ബന്ധപ്പെട്ട ഒരു supply chain ഈ മേഖലയിൽ വരുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാകുന്നതിനും കൂടുതൽ പേരിൽ ബാങ്കിങ് അസ്സിസ്റ്റൻസ് എത്തുന്നതിനും സഹായകരമാകും

കാർഷിക മേഖലയിലെ സാധ്യത സംബന്ധിച്ച് പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ ശ്രീമതി ജയ.V വളരെ വിശദമായി ചുവടെ ചേർത്തിട്ടുള്ള വിവരങ്ങൾ നിർദേശിച്ചു .

Vegetables, Plantains, കറിവേപ്പില, ചീര, tuber crops, വാഴയില, husked fresh Coconuts, Chips, Wafer എന്നിവ ആണ് പ്രധാനമായും export ചെയ്യപ്പെടുന്നത്. കൊല്ലം ജില്ലയിൽ Exporters ന്റെ എണ്ണം വളരെ കുറവാണ്. Exporting കൂടുതലും തിരുവനന്തപുരം എയർപോർട്ട് വഴി ആണ് . തിരുവനന്തപുരം എയർപോർട്ടിൽ CPC (Centre for Perishable Cargo) നിലവിലില്ല. CIAL നെപോലെ തിരുവനന്തപുരം എയർപോർട്ടിൽലും CPC സ്ഥാപിച്ചാൽ കൂടുതൽ entrepreneurs നെ export ലേയ്ക്ക് കൊണ്ടുവരാൻ സാധിയ്ക്കും. ഇത്തരം CPC കൾ Government of India യുടെ Commerce Ministry യിലെ APEDA വഴിയോ Ministry of

Agriculture and Farmers Welfare ലെ MIDH-NH പദ്ധതി, Rkvy പദ്ധതി, NCDC പദ്ധതികൾ വഴിയോ സാമ്പത്തിക സഹായം നൽകി സ്ഥാപിക്കാവുന്നതാണ്.ഇതിനോടൊപ്പം കൊല്ലം ജില്ലയിൽ പച്ചക്കറി, പഴം കൃഷി ചെയ്യുന്ന ഗ്രാമപഞ്ചായത്തുകളിൽ Mini/Micro CPC കൾ സ്ഥാപിച്ച് കർഷകരുടെ ഉൽപ്പന്നങ്ങൾ procure ചെയ്യാവുന്നതാണ്.VFPCK യെ agricultural products കയറ്റുമതി ചെയ്യുന്ന State Designated Nodal Agencyയുമായി പ്രഖ്യാപിക്കാവുന്നതാണ്.

Mini/Micro CPC യിൽ procure ചെയ്യുന്ന പഴം–പച്ചക്കറികളും ചുരുങ്ങിയ സമയംകൊണ്ടുതന്നെ ജില്ലയിലെ Mega CPC യിൽ cold chain logistic വഴി എത്തിയ്ക്കുതിനായി 2-3 മെഗാ CPC കൾ കൊല്ലം ജില്ലയിൽ സ്ഥാപിക്കേണ്ടതാണ്. ഈ mega CPC യിൽ Mini/Micro CPC കളിൽ നിന്നും എത്തുന്ന agricultural produces sort ചെയ്തിട്ട് domestic marketing നും export നുമായിട്ടുള്ളവയുമായി വേർതിരിക്കുക. ഈ CPC കളിൽ തന്നെ export ന്റെ ആവശ്യാനുസരണം packing നടത്താവുന്നതാണ്. ഇതിനായി കുടുംബശ്രീ പ്രവർത്തകർക്ക് വേണ്ട പരിശീലനം നൽകി നടപ്പിലാക്കാവുന്നതാണ്. Domestic marketing നുള്ള ഉൽപ്പന്നങ്ങൾ VFPCK വിപണികൾ വഴി ചെലവാക്കാവുന്നതാണ്. Cut flowers, foliage എന്നിവ കയറ്റുമതി ചെയ്യുവാനായി സർക്കാർ പ്രോത്സാഹനം നൽകേണ്ടതാണ്. Exporters നെ freight subsidy നൽകാവുന്നതാണ്. Exporters നെ refrigerated van വാങ്ങുവാനായി NHM/RKVY/NHB പദ്ധതികൾ വഴി സബ്സിഡി നൽകാവുന്നതാണ്. തിരുവനന്തപുരം വിമാനത്താവളത്തിൽ handling delay ഒഴിവാക്കുവാനായി exporters നെ നേരത്തേക്കൂട്ടി online registration നടത്തുവാനായി സൗകര്യമുണ്ടാക്കേണ്ടതാണ്. ഇപ്പോൾ exporters delay അനുഭവിക്കുന്നുണ്ട്.

നിലവിൽ exporters നു കയറ്റുമതി ചെയ്ത ഉത്പന്നങ്ങളുടെ തുക ലഭിക്കുന്നതിന് വളരെ അധികം കാലതാമസം നേരിടുന്നുണ്ട് . പുതുതായി export ആരംഭിക്കുന്ന സംരംഭകർക്ക് export ആരംഭിച്ച് ആദ്യത്തെ ഒരു വർഷത്തേയ്ക്ക് എങ്കിലും ഒരു നിശ്ചിത തുക interest free revolving fund ആയി നൽകാവുന്നതാണ്. Central SFAC വഴി exporters നെ break even point എത്തുന്ന വരെ interest free venture capital നൽകാവുന്നതാണ്

Export commodity കളുടെ വില നിശ്ചയിക്കുന്നത് monthly average rate of dollar exchange rate base ചെയ്യാവുന്നതാണ്.

FPO/FPC വരുന്നതുവഴി അധികമായി വരുന്ന പഴം /പച്ചക്കറികൾ കയറ്റുമതി ചെയ്യുന്നതിനു സൗകര്യം ഒരുക്കുന്നതിനും processed ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാനും സാധിക്കും . ആവശ്യമായ ട്രെയിനിംഗ് നൽകിയാൽ അവരെ അതിനുപ്രാപ്തരാക്കാവുന്നതാണ്.

Seafood ന്റെ കയറ്റുമതിക്ക് ആവശ്യമായ അളവിൽ മത്സ്യ സമ്പത്ത് ലഭിക്കുന്നില്ല എന്നത് ഒരു പ്രധാന പ്രതിസന്ധി ആണ്. Backwater Aqua culturing promote

ചെയ്താൽ cultivation കൂട്ടാവുന്നതാണ്.

ഒരേ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന കർഷകരെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ക്ലസ്റ്റർ ഫോം ചെയ്ത് കയറ്റുമതിയ്ക്കായുള്ള സാധ്യത വർദ്ധിപ്പിക്കാവുന്നതാണ്.

**തുടർന്ന് ബഹു ജില്ലാ കളക്ടർ സംസാരിച്ചു.** കയറ്റുമതി മേഖലയിലുള്ള സംരംഭകർക്ക് Grievance Redressal നായി Single Window System ഉണ്ടാക്കുന്നതിന് പ്ലാൻ തയ്യാറാക്കണമെന്നും ഗ്രീവൻസുകൾ ക്ക് പരിഹാരം നിർദേശിക്കുന്നതിനായി ജില്ലാതലത്തിൽഒരു നോഡൽ ഓഫീസറുടെ മേൽനോട്ടത്തിൽ ഹെൽപ് ഡെസ്കുകൾ പ്രവർത്തിക്കുന്നതിലേക്ക്ഈ, committe അംഗങ്ങളുടെ നിർദേശങ്ങൾ നൽകണമെന്നും , ഇതിലേക്ക് ആവശ്യമായ സംവിധാനത്തെ സംബന്ധിച്ച് concept note തയ്യാറാക്കി നൽകുന്നതിനും Sri.Harilal K M Joint Director General of Foreign Trade in charge നെ ബഹു ജില്ലാ കളക്ടർ ചുമതലപ്പെടുത്തി.

മീറ്റിംഗിൽ പങ്കെടുത്ത അംഗങ്ങൾ എല്ലാവരും അഭിപ്രായങ്ങൾ അറിയിച്ചശേഷം ബഹു ജില്ലാ കളക്ടർ ചർച്ച ക്രോഡീകരിച്ചു. കൊല്ലം ജില്ലയിൽ export മേഖലയിൽ വളരെ അധികം സാധ്യത ഉണ്ട് എന്നും, Government permission ഓട് കൂടി export മേഖലയിൽ ജില്ലാതലത്തിൽ Single Window System രൂപീകരിക്കുന്നതിനുള്ള തുടർ നടപടികൾ ആരായാമെന്നും കളക്ടർ അറിയിച്ചു .

യോഗം 1 മണിക്ക് അവസാനിച്ചു .

Signature valid
Digitally signed by Helen Jerome
Date: 2020.12.03 14:42:49 IST
Reason: Approved